**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1581** **16-10-2026-ൽ മറുപടിയ്ക്ക്**

**<u>മാവേലിക്കര മണ്ഡലത്തിലെ കായിക അടിസ്ഥാന സൗകര്യ വികസനം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എം. എസ്. അരുൺ കുമാർ

ശ്രീ. ഒ. ജെ. ജനീഷ്
(കായികം, യുവജനകാര്യം, രജിസ്ട്രേഷൻ,
മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി)

**(എ)** ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുടെ ഭാഗമായി മാവേലിക്കര മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ;

**<u>മറുപടി:</u>** മാവേലിക്കര മണ്ഡലത്തിൽ അനുവദിച്ച ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**പടനിലം നൂറനാട് ഗ്രാമ പഞ്ചായത്ത് കളിസ്ഥലം:** ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുന്ന പടനിലം നൂറനാട് ഗ്രാമ പഞ്ചായത്ത് കളിസ്ഥലം പ്രവൃത്തി 07.02.2026 ന് പൂർത്തീകരിച്ചു.

**താമരക്കുളം ഗ്രാമപഞ്ചായത്ത് പച്ചക്കാട് കളിസ്ഥലം:** ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുന്ന താമരക്കുളം ഗ്രാമപഞ്ചായത്ത് പച്ചക്കാട് കളിസ്ഥലം പ്രവൃത്തി 17.02.2026 ന് പൂർത്തീകരിച്ചു.

**തെക്കേകര ഗ്രാമപഞ്ചായത്ത് കളിസ്ഥലം:** ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുന്ന തെക്കേകര ഗ്രാമപഞ്ചായത്ത് കളിസ്ഥലം പ്രവൃത്തിയ്ക്ക് 46.80 ലക്ഷം രൂപയുടെ സമഗ്രഭരണാനുമതി 07.08.2025 ന് ലഭിച്ചു. ഗ്രൗണ്ട് ഡെവലപ്മെന്റ്, ക്രിക്കറ്റ് പിച്ച് എന്നിവയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത ഗ്രൗണ്ട് നിർമ്മാണവുമായി ബന്ധപ്പെട്ട് അതിർത്തി നിർണ്ണയിക്കേണ്ടതായിട്ടുണ്ടായിരുന്നു. ആയത് ബഹു. എം. എൽ. എ. യുമായി ചർച്ച ചെയ്യുകയും അതിർത്തി സംബന്ധിച്ച് തീരുമാനമായതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി ചെയ്യുന്നതിലേക്കായി 02.03.2026 ൽ സൈറ്റ് കൈമാറി നൽകുകയും സൈറ്റ് ക്ലിയറൻസ് ചെയ്തുവെങ്കിലും, പ്രവൃത്തി ചെയ്യുന്നതിലേക്കായി നിരവധി തവണ കരാറുകാരന് കത്തുകൾ നല്കിയെങ്കിലും മറുപടിയൊന്നും കരാറുകാരൻ ഭാഗത്തുനിന്നുണ്ടായിട്ടില്ല. ആയതിനാൽ കരാറുകാരനെ ടെർമിനേറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്പോർട്സ് കേരള ഫൗണ്ടേഷൻ പരിശോധിച്ച് വരുന്നു.

**വള്ളിക്കുന്നം ഗ്രാമപഞ്ചായത്ത് കളിസ്ഥലം:** ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുന്ന വള്ളിക്കുന്നം ഗ്രാമപഞ്ചായത്ത് കളിസ്ഥലം പ്രവൃത്തിയ്ക്ക് 72.66 ലക്ഷം രൂപയുടെ സമഗ്രഭരണാനുമതി ലഭിച്ചു. 15.06.2026 തീയതിയിൽ പ്രവൃത്തി ചെയ്യുന്നതിലേക്കായി കരാറുകാരന് സൈറ്റ് കൈമാറി. ഗ്രൗണ്ട് ഡെവലപമെന്റ്, വോളീബോൾ കോർട്ട്, ഫെൻസിംഗ്, ഫ്ളെഡ് ലൈറ്റ്, ഡ്രെയിനേജ് എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രാരംഭ പ്രവൃത്തികൾ പുരോഗമിക്കുന്നു.

**പാലമേൽ ഗ്രാമപഞ്ചായത്ത് കളിസ്ഥലം:** ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുന്ന പാലമേൽ ഗ്രാമപഞ്ചായത്ത് കളിസ്ഥലം പ്രവൃത്തിയ്ക്ക് 55.86 ലക്ഷം രൂപയുടെ സമഗ്രഭരണാനുമതി ലഭിച്ചു. ഗ്രൗണ്ട് ഡെവലപ്മെന്റ്, ഫുട് ബോൾ കോർട്ട്, ഫെൻസിംഗ്, ഫ്ളഡ് ലൈറ്റ്, ഡ്രയിനേജ് എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ കരാറുകാരന് സൈറ്റ് ഹാൻഡ് ഓവർ ചെയ്യാൻ സാധിക്കാത്ത സാഹചര്യമാണ്. ഗ്രൗണ്ടിന്റെ അതിർത്തികൾ ഇതുവരെ പഞ്ചായത്ത് അളന്ന് തിട്ടപ്പെടുത്തി നൽകിയിട്ടില്ല. ആയത് ലഭ്യമായാൽ മാത്രമെ തുടർ നടപടികൾ സ്വീകരിക്കാൻ സാധിക്കൂ എന്ന് നിർവഹണ ഏജൻസിയായ സ്പോർട്സ് കേരള ഫൗണ്ടേഷൻ അറിയിച്ചിട്ടുണ്ട്.

**തഴക്കര ഗ്രാമ പഞ്ചായത്ത് – ഇറവങ്കര സ്റ്റേഡിയം:** ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തി തഴക്കര ഗ്രാമപഞ്ചായത്ത് ഇറവങ്കര ഗ്രൗണ്ട് നവീകരണ പ്രവൃത്തിയ്ക്ക് 100 ലക്ഷം രൂപയുടെ സമഗ്രഭരണാനുമതി ലഭിച്ചിട്ടുണ്ട്. 13.05.2024 തീയതിയിൽ ലഭിച്ച ദർഘാസ് പ്രകാരം യോഗ്യത നേടിയ കരാറുകാരനുമായി കരാറിൽ ഏർപ്പെടുകയും ചെയ്തു. കരാറുകാരന് 12.08.2024 ന് സൈറ്റ് കൈമാറി നൽകിയിട്ടുണ്ട്. നിലവിൽ 15% പ്രവൃത്തികൾ പൂർത്തീകരിച്ചു. സ്റ്റെപ്പ് ഗ്യാലറിയുടെ നിർമ്മാണം പൂർത്തീകരിച്ചു. ഫെൻസിംഗ് പ്രവൃത്തിയുമായി ബന്ധപ്പെട്ട് തർക്കം നിലനിന്നിരുന്ന സാഹചര്യത്തിൽ ബഹു. എം. എൽ. എ. 10.09.2026 ന് സ്ഥലം സന്ദർശിക്കുകയും തർക്കത്തിന് പരിഹാരം കാണുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ പുനരാരംഭിക്കുന്നതാണ് എന്ന് നിർവഹണ ഏജൻസിയായ സ്പോർട്സ് കേരള ഫൗണ്ടേഷൻ അറിയിച്ചിട്ടുണ്ട്.

**(ബി)** പ്രസ്തുത പ്രവൃത്തികളുടെ തൽസ്ഥിതി വിവരം എന്താണ്; അവ വേഗത്തിൽ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** മാവേലിക്കര മണ്ഡലത്തിൽ തഴക്കര ഗ്രാമപഞ്ചായത്തിലെ പഴഞ്ചിറക്കുളം നീന്തൽ പരിശീലന കേന്ദ്രത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

**മറുപടി: പഴഞ്ചിറക്കുളം സ്വിമ്മിംഗ് പ്രാക്ടീസ് സെന്റർ, തഴക്കര ഗ്രാമപഞ്ചായത്ത് :** തഴക്കര ഗ്രാമപഞ്ചായത്ത് പഴഞ്ചിറക്കുളം സ്വിമ്മിംഗ് പ്രാക്ടീസ് സെന്ററിന്റെ നിർമ്മാണ പ്രവൃത്തിക്ക് 1 കോടി രൂപയുടെ ഭരണാനുമതിയാണ് ലഭിച്ചിരുന്നത്. ടി പദ്ധതിയിൽ 75 m X 70 m സൈസിലുള്ള കുളത്തിന്റെ വശങ്ങളിലുള്ള സംരക്ഷണ ഭിത്തിയുടെ പുനർനിർമ്മാണം, കുളത്തിന്റെ അടിത്തട്ടിലുള്ള ചെളിമാറ്റി ആഴം കൂട്ടൽ, കുളത്തിന്റെ വശങ്ങളിൽ ഹാൻഡ് റെയിൽ സ്ഥാപിക്കൽ, കുളത്തിലേക്ക് ഇറങ്ങുന്നതിനുള്ള പടവുകളുടെ നിർമ്മാണം, അനുബന്ധ ഇലക്ട്രിക്കൽ പ്രവൃത്തികൾ, തുടങ്ങിയ ഘടകങ്ങളാണ് പ്രധാനമായും ഉൾപ്പെടുത്തിയിരിക്കുന്നത്. 23.08.2024 ന് സൈറ്റ് കരാറുകാരന് ഹാൻഡ് ഓവർ ചെയ്തു. പ്രസ്തുത കുളത്തിന്റെ അടുത്തുള്ള കനാലിലെ വെള്ളത്തിന്റെ ഒഴുക്ക് കാരണം പ്രവൃത്തി ആരംഭിക്കുവാൻ കാലതാമസം നേരിട്ടു. 08.12.2024 ൽ പ്രവൃത്തി ആരംഭിക്കുകയും നിലവിൽ 82% പൂർത്തീകരിച്ചു. പ്രവൃത്തി സമയബന്ധിതമായി പൂർത്തികരിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**